# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 639 29/01/2019 ൽ മറുപടിയ്ക്ക്

### കൺസ്യൂമർഫെഡ് ഷോപ്പിംഗ് വെബ്സൈറ്റ്

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | അന്താരാഷ്ട്ര ഓൺലൈൻ ഷോപ്പിംഗ് വെബ് സൈറ്റായ ആമസോൺ, ഫ്ലിപ്പ് കാർട്ട് എന്നിവയുടെ മാതൃകയിൽ കൺസ്യൂമർഫെഡും ഷോപ്പിംഗ് വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ ഈ രീതിയിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് നിലവിൽ സൗകര്യമുണ്ടെന്ന് അറിയിക്കുമോ; | എ | കൺസ്യൂമർ ഫെഡ് ഷോപ്പിങ്ങ് വെബ്ബ് സൈറ്റ് ആരംഭിച്ചിട്ടില്ല. |
| ബി | നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ ഇതിലൂടെ ലാഭകരമാക്കുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ; | ബി | കൺസ്യൂമർ ഫെഡിനെ കൂടുതൽ ലാഭകരമാക്കുന്നതിന് ഷോപ്പിങ്ങ് വെബ്ബ് സൈറ്റ് സഹായകരമാകുമെന്നാണ് കരുതുന്നത്. ഷോപ്പിങ്ങ് വെബ്ബ് സൈറ്റ് ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി | ഇല്ലെങ്കിൽ ഈ സ്ഥാപനത്തെ ലാഭത്തിലാക്കാൻ മറ്റെന്തെങ്കിലും നടപടികളിലൂടെ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദീകരിക്കുമോ; | സി | നിർമ്മാതാക്കളിൽ നിന്നും നേരിട്ട് ഭക്ഷ്യ വസ്തുക്കളും മറ്റും വൻതോതിൽ ശേഖരിച്ച് നൂതന രീതിയിൽ ശീതികരിച്ച ഗോഡൗണുകളിൽ സൂക്ഷിച്ച് ഉത്സവകാല വിപണികളിൽ കൃത്യ സമയത്ത് ലഭ്യമാക്കുന്നതിനായി ശീതികരിച്ച ഗോഡൗണുകൾ പുതുതായി നിർമ്മിക്കുവാനുള്ള അപേക്ഷ ലഭ്യമായിട്ടുണ്ട്. ഇത് വരും കാലങ്ങളിൽ നടപ്പിലാക്കിയാൽ കുറഞ്ഞ ചിലവിൽ ഭക്ഷ്യവസ്തുക്കൾ മുൻകൂട്ടി ശേഖരിച്ച് ലാഭകരമായ രീതിയിൽ വിപണനം നടത്തുവാൻ സാധിക്കും. ഇതു കൂടാതെ നഷ്ടത്തിലായ ത്രിവേണികൾ കൂടുതൽ കച്ചവട സാധ്യതയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചും, അനാവശ്യ ചെലവുകൾ വെട്ടി കുറച്ചും, |

| | | | |
|---|---|---|---|
| | | | നിലവിലുള്ള നീതി സ്റ്റോറുകൾ നവീകരിച്ചും, വിറ്റു വരവിൽ ലാഭം വർദ്ധിപ്പിക്കുവാൻ സാധിക്കും. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നിർദ്ദേശിച്ച 1500 നീതി മെഡിക്കൽ സ്റ്റോറുകളും, 2000 നീതി സ്റ്റോറുകളും പ്രാവർത്തികമാക്കു-ന്നതിലൂടെ സ്ഥാപനത്തിന്റെ വിറ്റുവരവിൽ പതിൻമടങ്ങ് വളർച്ച ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി | പരീക്ഷണാടിസ്ഥാനത്തിൽ സ പരിഷ്കാരങ്ങൾ നടപ്പാക്കി പരിപൂർണ്ണ തകർച്ചയിലാക്കാതെ സാമ്പത്തിക അച്ചടക്കം ഏർപ്പെടുത്തി ഈ സ്ഥാപനത്തെ ക്രമേണ ലാഭത്തിലാക്കുന്ന നടപടികൾക്ക് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ? | ഡി | സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡിൽ നേതൃത്വം നൽകുന്നതിനായി രൂപീകരിച്ച അഡ്മിനി-സ്ട്രേറ്റീവ് കമ്മിറ്റിയുടെ കൃത്യവും സൂഷ്മതയേറിയതുമായ ഭരണ പരിഷ്കാര ങ്ങളിലൂടെ സാമ്പത്തിക അച്ചടക്കത്തിൽ ഏർപ്പെടുത്തിയ ക്രമീകരണങ്ങളിലൂടെയും 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 61.63 കോടി രൂപയും ലാഭം നേടുവാൻ കഴിഞ്ഞിട്ടുണ്ട്. വരും വർഷങ്ങളിൽ നിലവിലെ സഞ്ചിത നഷ്ടം കുറയ്ക്കുന്നതിന് എല്ലാ നടപടികളും ഉചിതമായ രീതിയിൽ കൈക്കൊണ്ടിട്ടുണ്ട്. നഷ്ടത്തിലായ യൂണിറ്റുകൾ സൂഷ്മ രീതിയിൽ പഠനം നടത്തി കച്ചവട സാദ്ധ്യതയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും മൊബൈൽ ത്രിവേണികളുടെ സഞ്ചാരപഥത്തിൽ മാറ്റം വരുത്തി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും അനാവശ്യ ചെലവുകൾ വെട്ടിച്ചുരുക്കിയും, ആവശ്യമായ സ്ഥലങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും, കൂടുതൽ ഉപഭോക്താക്കളെ കൺസ്യൂമർ ഫെഡിലേക്ക് ആകർഷിക്കുന്ന-തിലേക്കായി സ്ഥിരം കസ്റ്റമർക്ക് സ്മാർട്ട് കാർഡ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ടും, വിറ്റുവരവിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**